

ജാസിറ നിഷാബ് തിരൂർ




# എന്റെ സ്വന്തം മലപ്പുറം

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന എന്റെ കേരളത്തിന്റെ വടക്കേ അറ്റത്തു നിന്നും അഞ്ചാമതായി സ്ഥിതി ചെയ്യുന്ന ജില്ലയാണ് എന്റെ മലപ്പുറം. മലപ്പുറം ജില്ലയിലെ തിരൂരിൽ ആണ് ഞാൻ ജനിച്ചത്. വിസ്തൃതി കൊണ്ട് മൂന്നാം സ്ഥാനത്തും ജനസംഖ്യകൊണ്ട് ഒന്നാം സ്ഥാനത്തും നിൽക്കുന്ന എന്റെ ജില്ല മലനാടും ഇടനാടും തീരപ്രദേശവുമുള്ള കേരളത്തിലെ സുന്ദരമായ ജില്ലയാണ്.

കേരളത്തിന്റെ തനതായ സാംസ്കാരിക പൈതൃകത്തിന് വളരെയേറെ സംഭാവനകൾ നൽകിയിട്ടുള്ള പ്രദേശമാണ് മലപ്പുറം. നമ്മളൊക്കെ സംസാരിക്കുന്ന നമ്മുടെ സ്വന്തം ഭാഷയായ മലയാള ഭാഷയുടെ പിതാവ് തുഞ്ചത്തെഴുത്തച്ഛൻ ജനിച്ചതും, കൈക്കാത്ത കാഞ്ഞിരവും തുഞ്ചന്റെ തത്തയും മലപ്പുറത്തിന്റെ മണ്ണിൽ തന്നെ. പൂന്താനം നമ്പൂതിരിപ്പാടും, മേൽപത്തൂർ നാരായണ ഭട്ടതിരി എന്നിവരും മലപ്പുറത്തിന്റെ വളക്കൂറുള്ള മണ്ണിൽ വളർന്നവരാണ്. ജില്ലയുടെ ഭാരതപ്പുഴയോരത്തുള്ള തിരുനാവായ, തൃപ്രങ്ങോട്, പൊന്നാനി മുതലായ പ്രദേശങ്ങൾക്ക് പുരാതന മധ്യകേരള ചരിത്രത്തിൽ സവിശേഷമായ സ്ഥാനമാണുള്ളത്. തിരുനാവായയിലെ മാമാങ്കം മധ്യകാല കേരളത്തിന്റെ രാഷ്ട്രീയ ഭരണ ഗതി നിർണയിച്ചിരുന്നു. ആയിരങ്ങൾ ഏറ്റുമുട്ടുന്ന മാമാങ്കത്തിൽ എറനാടൻ അങ്കചേകവന്മാരുടെ പോരും വീറും വീര്യവും വായ്മൊഴിയായും വായ്പ്പാട്ടായും ഏറെ പാടിപുകഴ്ത്തപ്പെട്ടവയാണ്.

മത സൗഹാർദത്തിന് പേരുകേട്ട ഈ ജില്ലക്കാരനാണ് കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട്. അറബിമലയാളം എന്ന സങ്കര ഭാഷയുടെ ഉത്ഭവം ഈ ജില്ലയിലെ പൊന്നാനിയിലായിരുന്നു. അതേപോലെ

തന്നെ മധ്യകാലത്ത് കേരളത്തിലെ ഏറ്റവും വലിയ ഇസ്ലാമിക പഠന കേന്ദ്രമായിരുന്ന പൊന്നാനിയും, ഹൈന്ദവ പഠന കേന്ദ്രമായിരുന്ന തിരുനാവായയും മലപ്പുറം ജില്ലയിലെ നിളയോരത്താണുള്ളത്.


ബ്രിട്ടീഷ് വിരുദ്ധ മാപ്പിള ലഹളയും ഖിലാഫത്ത് സമരവും കൊടുമ്പിരികൊണ്ടതും മലപ്പുറത്തിന്റെ മണ്ണിൽ തന്നെ. ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യമായി സ്വരാജ്യം പ്രഖ്യാപിച്ചും കറൻസി ഇറക്കിയും, ഒറ്റുകാരന്റെ തല വെട്ടിയെടുത്ത് പരസ്യമായി വൈസ്റോയിയെ വെല്ലുവിളിച്ചും, ഇടിമുഴക്കമുള്ള ശബ്ദവും ചങ്കുറപ്പും കൊണ്ട് ബ്രിട്ടീഷുകാരനെ വിറപ്പിച്ച മലയാള നാടിന്റെ വീരസിംഹം, ഏറനാടന്റെ വീരേതിഹാസം വാരിയൻ കുന്നൻ കുഞ്ഞഹമ്മദ് ഹാജി പിറന്നു വീണതും ധീരമരണം വരിച്ചതും ഈ മണ്ണിൽ തന്നെ.

സ്വാതന്ത്ര്യ സമരത്തിൽ നിർണ്ണായക പങ്കുവഹിച്ച സൈനുദ്ധീൻ മഖ്ദൂമും, മമ്പുറം തങ്ങളും മലപ്പുറത്തിന്റെ വീരപുത്രന്മാർ തന്നെ. ബ്രിട്ടീഷുകാരുടെ ക്രൂര പാതകങ്ങൾക്ക് ഇരയായി മരണമടഞ്ഞവരെയും ജീവനുള്ളവരെയും ഒന്നിച്ചു കുഴിച്ചു മൂടിയ തുവ്വൂർ കിണറും ഈ മണ്ണിൽത്തന്നെ. വാഗൺ ദുരന്തത്തിൽ വീരമരണം വരിച്ച ധീരയോദ്ധക്കന്മാരുടെ കബറിടവും കോരങ്ങത്ത് ജുമാ മസ്ജിദും വീരേതിഹാസമുറങ്ങുന്ന ഈ മണ്ണി ൽ തന്നെ. താനൂരും തിരൂരും തിരൂരങ്ങാടിയിലും പാണ്ടിക്കാട്ടും പൂക്കോട്ടൂരും വെച്ച് ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയുണ്ട സ്വന്തം വിരിമാറിൽ ഏറ്റുവാങ്ങിയ ശുഹദാക്കളേ നിങ്ങളെക്കുറിച്ച് പറയാതെ എന്റെ നാടിന്റെ ചരിത്രം പൂർണ്ണമാകില്ല. തോക്കും കുന്തവും പീരങ്കിയുമായി നിൽക്കുന്ന വെള്ളപ്പട്ടാളത്തിന്റെ മുമ്പിലേക്ക് നെഞ്ചുറപ്പും കരളുറപ്പും കുറുവടിയും മാത്രം ആയുധമാക്കിക്കൊണ്ട് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തോട് യുദ്ധം ചെയ്തൊരു ചങ്കുറപ്പിന്റെ പാരമ്പര്യം കൂടിയുണ്ട് ഈ മണ്ണിന്, എന്റെ മലപ്പുറത്തിന്റെ മണ്ണിന്.

കോവിലകങ്ങളും അമ്പലങ്ങളും നിറഞ്ഞു നിൽക്കുന്ന ഈ മണ്ണിന് ഹൈന്ദവന്റ ചരിത്രവും പറയാനുണ്ട്. വെട്ടത്തു നാടിന്റെ ഭരണ സിരാ കേന്ദ്രമായ തൃപ്രങ്ങോടും, കൊച്ചി രാജ്യത്തിന്റെ ഭരണ തല സ്ഥാനമായ പെരുമ്പടപ്പ് സ്വരൂപവും സ്ഥിതി ചെയ്തിരുന്നതും എന്റെ മലപ്പുറത്തിന്റെ മണ്ണിൽ തന്നെ. ലോകത്തു തന്നെ തല ഉയർത്തി നിൽകുന്ന കേരളത്തിലെ ആയുർവേദത്തിന്റെ ഈറ്റില്ലമായ കോട്ടക്കൽ ആര്യവൈദ്യശാല സ്ഥിതി ചെയ്യുന്നതും മലപ്പുറത്താണ്.

കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ മലപ്പുറം ജില്ല ഏറെ മുന്നിലാണ്, ജില്ലയുടെ കിഴക്കേ അതിർത്തിയിൽ പശ്ചിമഘട്ടത്തിന്റെ ഭാഗമായ നീലഗിരി പർവതനിരകളാൽ സുന്ദരമാണ്, കടലുണ്ടി പക്ഷി സങ്കേതം, കരിമ്പുഴ വന്യജീവി സങ്കേതം, നെടുങ്കയം മഴക്കാടും, അമരമ്പലം സംരക്ഷിത വനമേഖലയും, ആഢ്യൻപാറ വെള്ളച്ചാട്ടവും, കൂട്ടായി, പൊന്നാനി ബീച്ചുകളും, കോട്ടക്കുന്ന്-നിള ടൂറിസം പാർക്കും ജില്ലയിലെ വിനോദ സഞ്ചാരമേഖലയുടെ സൗന്ദര്യം വർധിപ്പിക്കുന്നു.

ലോകത്തിലെ ഏറ്റവും പഴക്കമേറിയ മനുഷ്യ നിർമിത തേക്കിൻ കൂട്ടം സ്ഥിതി ചെയ്യുന്നത് മലപ്പുറത്തെ നിലമ്പൂരിലാണ്, നിലമ്പൂർ തേക്കിന്റെ ഗതാഗത സൗക



ര്യം മുൻനിറുത്തി വെള്ളക്കാർ നിർമിച്ച നിലമ്പൂർ-ഷൊർണൂർ കാനന റെയിൽപാത ഇന്ത്യയിലെ തന്നെ ഏറ്റവും മനോഹരമായ റെയിൽ പാതകളിലൊന്നാകുന്നു. തേക്കിൻകൂട്ടത്തിനിടയിലൂടെ ഇടയ്ക്ക് ഗുൽമോഹർ പൂക്കളുടെ വന്യമായ സൗന്ദര്യവും കാഴ്ചയും പ്രസ്തുത പാത യാത്രികന് വേറിട്ടൊരു യാത്രാനുഭവം സമ്മാനിക്കുന്നു.

തെന്നിന്ത്യയുടെ ആദ്യ റെയിൽവേ സ്റ്റേഷനും മലപ്പുറം തിരൂരിലാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ നിർമ്മിച്ച പാതയും സ്റ്റേഷനും മാനവരാശിയുടെ യാത്രാ-ചരക്കുനീക്ക ആവശ്യങ്ങളെ നിറവേറ്റി ഇന്നും ജില്ലയിൽ തലയെടുപ്പോടെ നിലനിൽക്കുന്നു. തിരൂർ വെറ്റിലക്കും മറ്റുരാജ്യങ്ങളിൽ പ്രത്യേക സ്ഥാനം തന്നെയുണ്ട്. മലപ്പുറം ജില്ല കേരളത്തിന്റെ പുരോഗതിക്ക് ഒരുപാട് സംഭാവനകൾ നൽകിയിട്ടുള്ള ജില്ലയാണ്.

കാൽപന്ത് കളിയെ പ്രാണനെപ്പോലെ കൊണ്ടുനടക്കുന്ന ഒരു ജനത ഈ ജില്ലയുടെ പ്രത്യേകതയാണ്. കാൽപനിക ജീവിതത്തിന്റെയും പ്രണയത്തിന്റെയും വിരഹത്തിന്റെയും മധുരമൂറുന്ന ഇശലുകൾ മലപ്പുറത്തിന്റെ മഹാകവി മോയിൻകുട്ടി വൈദ്യരുടെ കവിതകളിൽ കാണാം. കേരളത്തിലെ വിദ്യാഭ്യാസമേഖലക്ക് ജീവശ്വാസം നൽകുന്ന സർവ്വകലാശാലകളും മലപ്പുറത്തിന് സ്വന്തം. പാവപ്പെട്ടവനെ സ്വപ്നം കാണാൻ പഠിപ്പിച്ച പ്രവാസവും പ്രവാസികളുടെ സ്വപ്നങ്ങൾക്ക് ചിറകുമുളപ്പിച്ച കരിപ്പൂർ വിമാനത്താവളവും മലപ്പുറത്തിന്റെ സ്വന്തം തന്നെ.

പറഞ്ഞാൽ തീരില്ലെന്റെ നാടിന്റെ മഹിമ. പഴമ്പാട്ടിലും പാണൻ പാട്ടിലും ഏറെ പാടിപ്പുകഴ്ത്തിയ എന്റെ മലപ്പുറം ഞങ്ങൾക്ക് ഒരു ജില്ല മാത്രമല്ല മലപ്പുറം...
അത് ഞങ്ങൾക്കൊരു വികാരമാണ്.
ഞങ്ങളുടെ പിതാമഹന്മാരായ മുൻഗാമികൾ പ്രാണൻ കൊടുത്ത് ഉയിരിന്റെ ഉലയിൽ ഊതിക്കാച്ചിയൊരു വികാരം.
അതാണെന്റെ മലപ്പുറം.